# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 26 2022

ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


---

## സന്നിധാനത്ത് ദേവസ്വം ബോർഡിന് പുതിയ ട്രാക്ടർ

***സംഭാവന നൽകിയത് നാഗർകോവിൽ മേയർ ആർ. മഹേഷ്**

ശബരിമല: ശബരിമല സന്നിധാനത്ത് ദേവസ്വം ബോർഡിന് പുതിയ ട്രാക്ടർ സ്വന്തം. നാഗർകോവിൽ മേയർ അഡ്വ. ആർ. മഹേഷ് സംഭാവനയായി നൽകിയതാണ് പുതിയ ട്രാക്ടർ. ഇന്നലെ രാവിലെ(ഡിസംബർ 26) 9.00 മണിക്ക് സന്നിധാനത്ത് പതിനെട്ടാംപടിക്കു മുന്നിൽ നടന്ന ചടങ്ങിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപന് നാഗർകോവിൽ മേയർ ട്രാക്ടർ കൈമാറി.
അപ്പം അരവണ വിതരണത്തിനാണ് പുതിയ ട്രാക്ടർ. പുതിയ ട്രാക്ടർ കൂടി വന്നതോടെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നാലു ട്രാക്ടറുകൾ സ്വന്തമായി. മഹീന്ദ്ര അർജുൻ നോവോ 605 ഡി.എൽ. ഐ ട്രാക്ടറാണ് 12 ലക്ഷം രൂപ മുടക്കി ബോർഡിന് സംഭാവനയായി നൽകിയത്. തികഞ്ഞ അയ്യപ്പഭക്തനായ മേയർ ആർ. മഹേഷ് കഴിഞ്ഞമാസം ശബരിമല ദർശനത്തിനെത്തിയപ്പോൾ ദേവസ്വം

അധികൃതരുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. തുടർന്നു നടന്ന ചർച്ചയിലാണ് ബോർഡിന് ട്രാക്ടർ സമ്മാനിക്കാനുള്ള സന്നദ്ധത മേയർ അറിയിച്ചത്. ട്രാക്ടറിന്റെ ട്രെയ്‌ലർ കൂടി എത്താനു ്. ര ുദിവസത്തിനുള്ളിൽ അതു ലഭ്യമാക്കുമെന്ന് ആർ. മഹേഷ് പറഞ്ഞു.

ദേവസ്വം അംഗം അഡ്വ. എസ്.എസ്. ജീവൻ, എക്സിക്യൂട്ടീവ് ഓഫിസർ എച്ച്. കൃഷ്ണകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫിസർ രവികുമാർ, ദേവസ്വം ബോർഡ് ചീഫ് എൻജിനീയർ ആർ. അജിത് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

***ഫോട്ടോക്യാപ്ഷൻ:***

***1 ശബരിമലയിലെ ഉപയോഗത്തിന് നാഗർകോവിൽ മേയർ ആർ. മഹേഷ് സംഭാവനയായി നൽകിയ ട്രാക്ടറിന്റെ താക്കോൽ തിരുവിതാംകൂർ ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപന് കൈമാറുന്നു.***

***2 ശബരിമലയിൽ സംഭാവനയായി നൽകിയ ട്രാക്ടറിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, നാഗർകോവിൽ മേയർ ആർ. മഹേഷ്, ദേവസ്വം അംഗം അഡ്വ. എസ്.എസ്. ജീവൻ, എക്സിക്യൂട്ടീവ് ഓഫിസർ എച്ച്. കൃഷ്ണകുമാർ എന്നിവർ.***

(പി.ആർ. ശബരി- 197)

## പവിത്രം ശബരിമല ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളിയായി ദേവസ്വം പ്രസിഡന്റ്

ശബരിമല: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയ ശുചീകരണപ്രവർത്തനം 'പവിത്രം ശബരിമല'യിൽ പങ്കാളിയായി ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ. ഇന്നലെ (ഡിസംബർ26) രാവിലെ 9.30 മുതൽ സന്നിധാനത്തു നടന്ന ശുചീകരണ പ്രവർത്തനങ്ങൾക്ക് അദ്ദേഹം

നേതൃത്വം നൽകി. സന്നിധാനത്ത് വിവിധ ഇടങ്ങളിൽ ചാക്കുകളിലും മാലിന്യനിക്ഷേപ ബിന്നുകളിലുമു ായിരുന്ന മാലിന്യങ്ങൾ സ്വയം ചുമന്നു ട്രാക്ടറിലേക്കു മാറ്റി. ദേവസ്വം ബോർഡ് ബുക്ക് സ്റ്റാളിൽ നിന്നാരംഭിച്ച ശുചീകരണ

പ്രവർത്തികളിൽ പതിനെട്ടാം പടിയ്ക്ക് സമീപവും പൂങ്കാവനം ഓഫീസിനു സമീപവുമുള്ള മാലിന്യങ്ങൾ പൂർണമായും നീക്കുന്നതിന് ദേവസ്വം ബോർഡ് പ്രസിഡന്റ് നേതൃത്വം നൽകി. ദേവസ്വം ബോർഡ് അംഗം അഡ്വ. എസ്.എസ്. ജീവൻ, ചീഫ് എൻജിനീയർ ആർ. അജിത് കുമാർ, എക്സിക്യൂട്ടീവ് ഓഫിസർ എച്ച്. കൃഷ്ണകുമാർ എന്നിവർ ശുചീകരണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി.

***ഫോട്ടോക്യാപ്ഷൻ: സന്നിധാനത്ത് ഇന്നലെ നടന്ന 'പവിത്രം ശബരിമല' ശുചീകരണപ്രവർത്തനങ്ങൾക്ക് ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ നേതൃത്വം നൽകുന്നു.***

(പി.ആർ. ശബരി- 198)


